**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3901</u>** **<u>06-08-2021 - ൽ മറുപടിയ്ക്ക്</u>**

**<u>പയ്യന്നൂർ കുടിവെള്ള പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മുൻസിപ്പാലിറ്റി കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന പയ്യന്നൂർ കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (എ) | UIDSSMT പദ്ധതിയിൽ ഉൾപ്പെടുത്തി 2007 ൽ ഭരണാനുമതി നൽകിയ പയ്യന്നൂർ കുടിവെള്ള പദ്ധതിയുടെ ശുദ്ധീകരണ ശാല, ഗ്രാവിറ്റി മെയിൻ, ജലസംഭരണി, വിതരണ ശൃംഖല എന്നിവ പൂർത്തീകരിച്ചിരുന്നു. എന്നാൽ കിണറിന്റെ നിർമ്മാണ പ്രവൃത്തി നാട്ടുകാരുടെ എതിർപ്പ് മൂലം നടപ്പിലാക്കുവാൻ സാധിച്ചിരുന്നില്ല . ആയതിനാൽ പൂർത്തീകരിച്ച പദ്ധതി ഘടകങ്ങൾ ഉപയോഗിച്ച് ജിക്ക പട്ടുവം പദ്ധതിയിൽ നിന്നും വെള്ളം ടാപ്പ് ചെയ്ത് പയ്യന്നൂർ കുടിവെള്ള പദ്ധതി 01.02.2016 തീയ്യതിയിൽ കമ്മീഷൻ ചെയ്തു. തുടർന്ന് സ്റ്റേറ്റ് പ്ലാൻ 2017-2018 ൽ കിണറിനും അനുബന്ധ പ്രവൃത്തികൾക്കും വേണ്ടി 610 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്തു 29.04.2020 ന് പ്രവൃത്തി ഉത്തരവ് നൽകുകയും ചെയ്തു. കിണറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പാറ പൊട്ടിക്കുന്നതിനുള്ള അനുമതിക്കായി ജില്ലാ കലക്ടറെ സമീപിച്ചെങ്കിലും ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിൽ നിന്നും നിരാക്ഷേപ പത്രം (NOC) ലഭിക്കാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ നടന്നില്ല. |
| (ബി) | പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതിയിൽ കിണറിന്റെയും അനുബന്ധ പ്രവൃത്തികളുടെയും നിർമ്മാണം ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു. ജിക്ക പട്ടുവം കുടിവെള്ളപദ്ധതിയിൽ നിന്നും വെള്ളം ടാപ്പ് ചെയ്ത് ശുദ്ധജലവിതരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ